വൈദ്യുതി നിയന്ത്രണം നീക്കാൻ നടപടി

*12 [879] ശ്രീ. ടി. പി. രാമകൃഷ്ണൻ:
,, കെ. രാധാകൃഷ്ണൻ:
,, എ. കെ. ബാലൻ:
,, കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴ കനത്തതിനാൽ വൈദ്യുത പദ്ധതികളുടെ റിസർവോയറുകളിലേക്കുള്ള നീരൊഴുക്ക് വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ വൈദ്യുത ഉപയോഗത്തിൽ സർക്കാർ ഏർപ്പെടുത്തിയ എല്ലാ നിയന്ത്രണങ്ങളും എടുത്തു കളയുമോ;

(ബി) യഥാർത്ഥത്തിൽ ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തേണ്ടതായ ഒരു സാഹചര്യം സംസ്ഥാനത്തുണ്ടായിരുന്നുവോ;

(സി) എല്ലാ വൈദ്യുത പദ്ധതികളും പൂർണ്ണ തോതിൽ വൈദ്യുതി ഉൽപ്പാദിപ്പിച്ചു കൊണ്ടിരുന്നപ്പോൾ ആണോ ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തുകയുണ്ടായിട്ടുള്ളത്;

(ഡി) ഉല്പാദിപ്പിച്ച വൈദ്യുതി സംസ്ഥാനത്തിനു പുറത്ത് വിൽപ്പന നടത്തുമ്പോൾ ഇവിടെ ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നുവോ; ഈ വർഷം സംസ്ഥാനത്ത് ഏതെല്ലാം പദ്ധതികളിൽനിന്നും എത്ര യൂണിറ്റ് വൈദ്യുതി മറ്റു സംസ്ഥാനങ്ങൾക്ക് വിൽക്കുകയുണ്ടായി;

(ഇ) ഏതെല്ലാം ജലസംഭരണികൾ കനത്ത മഴയെത്തുടർന്ന് ഇപ്പോൾ നിറഞ്ഞ് ഒഴുകുകയുണ്ടായി;

(എഫ്) എല്ലാ ജലസംഭരണികളിലുമായി ഇപ്പോൾ എത്ര ദശലക്ഷം വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള വെള്ളമുണ്ട്; മുൻവർഷം ഇതേസമയം എത്രയായിരുന്നു?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) പദ്ധതി പ്രദേശങ്ങളിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് മഴ കുറവായതിനാൽ നീരൊഴുക്ക് വർദ്ധിച്ചിട്ടില്ല. ഈ വർഷം ജൂൺ, ജൂലായ് മാസങ്ങളിലായി 1052.74 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള നീരൊഴുക്ക് ലഭിച്ചപ്പോൾ, ഇതേ കാലയളവിൽ 2002-ൽ 1239.7 ദശലക്ഷം യൂണിറ്റും 2001-ൽ 2827 ദശലക്ഷം യൂണിറ്റും, 2000-ൽ 1781 ദശലക്ഷം യൂണിറ്റും ഉല്പാദിപ്പിക്കാനുള്ള നീരൊഴുക്കാണ് ലഭിച്ചിരുന്നത്. അതുകൊണ്ട് ഇന്നത്തെ സാഹചര്യത്തിൽ നിലവിലുള്ള നിയന്ത്രണങ്ങൾ ഉടനെ എടുത്തു കളയുവാൻ ബുദ്ധിമുട്ടുണ്ട്.

(ബി) ഉണ്ടായിരുന്നു. അതേ സാഹചര്യം ഇപ്പോഴും നിലനിൽക്കുന്നു.

(സി) എല്ലാ ജലവൈദ്യുത പദ്ധതികളിലും പൂർണ്ണമായ തോതിൽ വൈദ്യുതി ഉല്പാദിപ്പിക്കുവാൻ ജലസംഭരണികളിൽ ജലം ഇല്ലാതിരുന്നപ്പോഴാണ് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയത്.

(ഡി) വൈദ്യുതി ബോർഡ് ഉൽപ്പാദിപ്പിച്ച വൈദ്യുതി ബോർഡിന്റെ ഉപഭോക്താക്കൾക്കും ലൈസൻസികൾക്കും അല്ലാതെ സംസ്ഥാനത്തിനു പുറത്തുള്ള മറ്റാർക്കും വിൽപ്പന നടത്തിയിട്ടില്ല. ജലവൈദ്യുതി ഉല്പാദനം വളരെ കുറഞ്ഞതുമൂലം ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

ചുരുങ്ങിയ തോതിൽ ഏർപ്പെടുത്തിയ ലോഡ് ഷെഡ്ഡിംഗിന് അന്തർ സംസ്ഥാന വില്പനയുമായി ബന്ധമില്ല. ഈ സാമ്പത്തിക വർഷത്തിൽ ജൂൺ 30 വരെ എൻ. റ്റി. പി. സി.-യുടെ കായംകുളം താപനിലയം അവിടെ ഉല്പാദിപ്പിക്കുന്ന ഏറ്റവും വിലയേറിയ 281.659 മില്ല്യൻ യൂണിറ്റ് താപവൈദ്യുതി കേന്ദ്ര സർക്കാരിന്റെ തീരുമാനപ്രകാരം തമിഴ്നാട് ഇലക്ട്രിസിറ്റി ബോർഡിന് വിറ്റിട്ടുണ്ട്.

(ഇ) ഈ വർഷം നാളിതുവരെ നേരിയമംഗലം ജലസംഭരണി കുറച്ചു സമയം വളരെ നേരിയ തോതിൽ കവിഞ്ഞ് ഒഴുകിയത് ഒഴിച്ചാൽ മറ്റൊരു ജലസംഭരണിയും നിറഞ്ഞൊഴുകിയിട്ടില്ല.

(എഫ്) എല്ലാ ജലസംഭരണികളിലുമായി ഈ വർഷം ജൂലായ് 31-ലെ കണക്ക് അനുസരിച്ച് 800.45 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളം ഉണ്ട്. ഇതേ ദിവസം കഴിഞ്ഞ വർഷം 558 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളമാണ് ഉണ്ടായിരുന്നത്.

ജലവൈദ്യുതി നിലയങ്ങളിൽനിന്നും ജൂൺ, ജൂലായ് മാസങ്ങളിലായി കഴിഞ്ഞ വർഷം (2002-03) 1064.82 ദശലക്ഷം യൂണിറ്റ് ഉൽപ്പാദിപ്പിച്ചപ്പോൾ ഈ വർഷം (2003-04) ഇതേ കാലയളവിൽ 617.26 ദശലക്ഷം യൂണിറ്റേ ഉൽപ്പാദിപ്പിച്ചിട്ടുള്ളൂ. ഇപ്രകാരം ജലവൈദ്യുത നിലയങ്ങളിലെ ഉൽപ്പാദനം ക്രമീകരിച്ചതിനാലാണ് സംഭരണിയിൽ നേരിയ വർദ്ധനവ് കാണുന്നത്.

ശുദ്ധജല സ്രോതസ്സുകളുടെ സംരക്ഷണം സംബന്ധിച്ച പഠന റിപ്പോർട്ട് പരിഷ്കരിക്കാൻ നടപടി

*13 [880] ശ്രീ. വി. കെ. ചന്ദ്രൻ:
,, ടി. കെ. ദേവകുമാർ:
,, എം. വി. ജയരാജൻ:
,, പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നദികളേയും അവയുടെ നീർത്തട മേഖല, ശുദ്ധജല തടാകങ്ങൾ, അവയുടെ സംരക്ഷണം എന്നിവയെ സംബന്ധിക്കുന്ന 1974-ൽ പ്രസിദ്ധീകരിച്ച 'വാട്ടർ റിസോഴ്സസ് ഓഫ് കേരള' എന്ന പഠന റിപ്പോർട്ട് കാലോചിതമായി പരിഷ്കരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) അതിവേഗം നഷ്ടമായിക്കൊണ്ടിരിക്കുന്ന ശുദ്ധജല സ്രോതസ്സുകളുടെ സംരക്ഷണത്തിന് ഊന്നൽ നൽകിക്കൊണ്ട് പ്രസ്തുത പഠന റിപ്പോർട്ട് പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ആയതു സംബന്ധിച്ച് സി. ഡബ്ലിയു. ആർ. ഡി. എം. എന്തെങ്കിലും വിദഗ്ദ്ധ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly